# കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്‌ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനകാര്യം - ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ജി ഉദയകുമാരി യെ ക്ലർക്കുമാരുടെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി മുൻഗണനാ ക്രമം താത്കാലികമായി നിശ്ചയിച്ച് പ്രസിദ്ധീകരിക്കുന്നു .

---

ഉത്തരവ് നമ്പർ:C2/25529/2020/DCEതിരുവനന്തപുരം തീയതി:24.06.2021

---

*പരാമർശം:*-1. 04.11.2020 തീയതിലെ ഡി 5/ 5641/ 2017 നമ്പർ കൊല്ലം ഡെപ്യൂട്ടി ഡയറക്ടറുടെ കത്ത്

2. 15.02.2001 തീയതിലെ സി 4/3234/ 2000 നമ്പർ നിയമന ഉത്തരവ്

3. 2.09.2008 തീയതിലെ ബി3/ 1496/ 2008/ നമ്പർ ക്ലർക്കുമാരുടെ മുൻഗണനാ പട്ടിക

## ഉത്തരവ്

കൊല്ലം, കോളജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ ക്ലർക്കായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി ഉദയകുമാരി ജി (ക്ലാർക്ക് ഹയർ ഗ്രേഡ് )ടിയാനെ ക്ലർക്കുമാരുടെ മുൻഗണനാ പട്ടികയിൽ ഉൾപെടുത്തുന്നതിനായി അപേക്ഷ സൂചന പ്രകാരം സമർപ്പിച്ചിട്ടുണ്ട് .ശ്രീമതി ഉദയകുമാരി ജി സമാശ്വാസ തൊഴിൽദാന നിയമ പദ്ധതി പ്രകാരം ഈ കാര്യാലയത്തിൽ നിന്നുള്ള നിയമന ഉത്തരവ് സൂചന 2 മുഖേന 27.12.2001 ൽ സേവനത്തിൽ പ്രവേശിച്ചു . ടിയാൻ 31.05.2022 ൽ സെർവ്സിൽ നിന്നും വിരമിക്കുകയാണ് . ശ്രീമതി ഉദയകുമാരി ജി അക്കൗണ്ടന്റ് ടെസ്റ്റ് യോഗ്യത നേടിയിട്ടില്ല .എന്നാൽ കെ .എസ് & എസ് എസ് ആർ ചട്ടം 13 ബി അനുസരിച്ച് 26.05.1981 നു ശേഷം 50 വയസ്സ് പൂർത്തിയാകുന്ന ജീവനക്കാരാണ് വകുപ്പുതല പരീക്ഷകളിൽ നിന്നും ഇളവ് അനുവദിച്ചിട്ടുണ്ട് .

മേൽ സാഹചര്യം പരിഗണിച്ച് ശ്രീമതി ഉദയകുമാരി ജി ക്ലർക്കിനു തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് കെ .എസ് & എസ് എസ് ആർ ചട്ടം 13 ബി യുടെ സംരക്ഷണം നൽകികൊണ്ട് സ്ഥാനക്കയറ്റം നൽകേണ്ടതാണ് . എന്നാൽ ശ്രീമതി ഉദയകുമാരി ജി യെ ക്ലർക്കുമാരുടെ മുൻഗണപട്ടികയിൽ ഉൾപ്പെട്ടിരുന്നില്ല . ആയതുകൊണ്ട് ശ്രീമതി ഉദയകുമാരി ജി ടിയാന്റെ മുൻഗണനാ ക്രമം ആയ സേവനത്തിൽ പ്രവേശിച്ച തീയതി പരിഗണിച്ച് സൂചന 3 ആയി പ്രസിദ്ധീകരിച്ച ക്ലർക്കുമാരുടെ മുൻഗണനാ പട്ടികയിൽ ക്രമ നമ്പർ 1 ആയ ശ്രീമതി ആശാ സാബുവിനും ക്രമ നമ്പർ 2 ആയ ശ്രീമതി പി വിജയലക്ഷ്മിയ്ക്ക് ഇടയിൽ 1 (a) ആയി മുൻഗണനാ ക്രമം താത്കാലികമായി നിശ്ചയിച്ച് ഉത്തരവാകുന്നു .

മേൽ പരാമർശിച്ച പ്രകാരം ശ്രീമതി ഉദയകുമാരി ജി യുടെ മുൻഗണനാക്രമം താത്കാലികമായി നിശ്ചയിച്ച് പ്രസിദ്ധീകരിച്ച പട്ടികയെക്കെതിരെ എന്തെങ്കിലും തരത്തിലുള്ള പരാതിയുള്ള പക്ഷം ആയതു നേരിട്ടോ പ്രിൻസിപ്പാൾ മുഖാന്തിരമോ രേഖകൾ സഹിതം ഈ ഓഫീസിൽ മുമ്പാകെ സമർപ്പിക്കേണ്ടതാണ് .

Approval Valid

Digitally Approved By
ഷുജ ആർ
Date: 24.06.2021
Reason: Approved

Sd/-

ഷുജ ആർ
സീനിയർ അഡ്മിനിസ്‌ട്രേറ്റീവ് ഓഫീസർ
0471-2303548
dir.colledn@kerala.gov.in

സ്വീകർത്താവ്,

1.ഡെപ്യൂട്ടി ഡി ഡി , കൊല്ലം
2. സിസ്റ്റം മാനേജർ